പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1611 04.12.2015 ലെ മറുപടിയ്ക്ക്

## സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) 2011 - 12 ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ;<br><br>(ബി) ഏത് ഏജൻസി മുഖേനയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്; ഇതിന് എന്ത് തുക ചെലവഴിക്കപ്പെട്ടിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ ? | (എ) & (ബി) 2011 - 12 ബഡ്ജറ്റിൽ പ്രഖ്യാപിച്ച സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടില്ല. കൃഷി വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, കേന്ദ്ര സർക്കാറിന്റെ സഹായത്തോടു കൂടി നടപ്പിലാക്കുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, ദേശീയ വിള ഇൻഷ്വറൻസ് പദ്ധതി, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി എന്നിവ സംയോജിപ്പിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവന്ന് ഈ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിരുന്നത്. ഇതിലേക്കായി കൺസൾട്ടന്റായി നിയമിച്ചിരുന്ന കൺസോർഷ്യം ഓഫ് അബാക്കസ് ലീഗൽ ഗ്രൂപ്പ് എൽ.എം.ബി ഇൻഷ്വറൻസ് ബ്രോക്കേഴ്സ് ലിമിറ്റഡ് കരട് പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തു. എന്നാൽ കേരളത്തിൽ വിളനാശമുണ്ടാക്കുന്ന പ്രകൃതിക്ഷോഭ കാരണങ്ങളായ വരൾച്ച മുതലായവ ഉൾപ്പെടുത്താത്തതിനാലും കേന്ദ്രാവിഷ്കൃത ഇൻഷ്വറൻസ് പദ്ധതികളുമായി ഏകോപനം ഇല്ലാത്തതിനാലും പ്രസ്തുത പ്രൊപ്പോസൽ നടപ്പിലാക്കാൻ സാധിച്ചില്ല. നിലവിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി ശക്തിപ്പെടുത്തുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ